പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 215

19/12/2012-ൽ
മറുപടിയ്ക്ക്

**ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങളുടെ സുരക്ഷ**

ചോദ്യം

ശ്രീ. രാജു എബ്രഹാം
ശ്രീ. എസ്. ശർമ്മ
ശ്രീ. ആർ. രാജേഷ്

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും
ദേവസ്വവും വകുപ്പു മന്ത്രി.

എ) വിവിധ വഴികളിലൂടെ ശബരിമലയിൽ എത്തുന്ന ഭക്തജനങ്ങൾക്ക് സുരക്ഷിതമായ ഇടത്താവളങ്ങൾ ഒരുക്കുന്നതിന് സർക്കാരിന് വീഴ്ചയുണ്ടായെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

ബി) ഇതു സംബന്ധിച്ചു വന്ന പത്ര വാർത്തയുടെ അടിസ്ഥാനത്തിൽ ബഹു. ഹൈക്കോടതി സ്വമേധയാ കേസെടുക്കാനിടയായ സാഹചര്യം പരിശോധിച്ചിട്ടുണ്ടോ;

സി) സംരക്ഷാ സംവിധാനങ്ങളുടെ അഭാവം മൂലം ഭാരതപ്പുഴയിൽ തീർത്ഥാടകൻ മുങ്ങിമരിക്കാനിടയായതിനെ തുടർന്ന് ഇതിനകം സ്വീകരിച്ച ക്രമീകരണങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാൻ കോടതി നിർദ്ദേശിച്ചിരുന്നുവോ;

എ) സർക്കാരിന്റെ ഭാഗത്തുനിന്നും വീഴ്ചയുണ്ടായിട്ടില്ല. ഇടത്താവളങ്ങളിൽ ഭക്തജനങ്ങൾക്ക് സൗകര്യം ഒരുക്കുന്നതിലേക്ക് തിരുവിതാംകൂർ ദേവസ്വം ബോർഡിനും ജില്ലാ കളക്ടർമാർക്കും നിർദ്ദേശങ്ങൾ നൽകിയിരുന്നു.

ബി) & സി) മിനി പമ്പയിൽ ഒരു അയ്യപ്പ ഭക്തൻ മുങ്ങി മരിച്ചതിനെ സംബന്ധിച്ച് 17/11/2012 -ാം തീയതിയിൽ വന്ന പത്ര വാർത്തയെ തുടർന്ന് ബഹു. ഹൈക്കോടതി സ്വമേധയാ കേസ്സെടുക്കുകയും, 17/11/2012 -ലെ ഹൈക്കോടതിയുടെ വിധിന്യായത്തിൽ മുൻ വർഷങ്ങളിൽ വിനോദ സഞ്ചാര വകുപ്പ് ലൈഫ് ഗാർഡിനെ നിയമിച്ചിരുന്നെന്നും ഇപ്പോഴും ലൈഫ് ഗാർഡിന്റെ അശ്രാന്ത പരിശ്രമം ഉണ്ടായിട്ടും തീർത്ഥാടകനെ മുങ്ങി മരണത്തിൽ നിന്നും രക്ഷിക്കാൻ സാധിച്ചില്ലെന്നും ഈ സാഹചര്യത്തിൽ സീസൺ കാലത്ത് ഇടത്താവളങ്ങളിൽ പ്രത്യേകിച്ച് നദികളോടുചേർന്നുള്ള ഇടത്താവളങ്ങളിൽ ലൈഫ് ഗാർഡുമാരുടെ സേവനം ലഭ്യമാക്കുന്നതിനെ സംബന്ധിച്ചും മറ്റ് ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ചും വിവരം നൽകണമെന്നും ബഹു. ഹൈക്കോടതി നിർദ്ദേശിച്ചിരുന്നു. ആയതിനെ തുടർന്ന് സർക്കാർ കോട്ടയം, ഇടുക്കി, പത്തനംതിട്ട എന്നീ ജില്ലകളിലെ കളക്ടർമാർക്കും, പോലീസ് സൂപ്രണ്ട് മാർക്കും, ജലവിഭവ വകുപ്പ് ചീഫ് എഞ്ചിനീയർക്കും കോടതി വിധിയിലെ നിർദ്ദേശം അടിയന്തിരമായി നടപ്പിലാക്കാനും കൂടാതെ നദിയുടെ

കടവുകളിലും ഇടത്താവളങ്ങളിലും വിവിധ ഭാഷകളിലുള്ള മുന്നറിയിപ്പു ബോർഡുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിനുപുറമെ മിനി പമ്പ ഇടത്താവളമായി പ്രഖ്യാപിക്കുകയും ഇതിലേക്കായി 10 ലക്ഷം രൂപ മലപ്പുറം ജില്ലാ കളക്ടർക്ക് അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

| | | | |
|---|---|---|---|
| ഡി) | എങ്കിൽ ഈ നിർദ്ദേശത്തിന്റെ പകർപ്പ് ലഭ്യമാക്കുമോ? | ഡി) | നിർദ്ദേശത്തിന്റെ പകർപ്പ് ഇതോടൊപ്പം ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

Thottathil B.Radhakrishnan
&
A.V.Ramakrishna Pillai, JJ.

= = = = = = = = = = = = = = = = = = = = = = = =

= = = = = = = = = = = = = = = = = = = = = = = =

Dated this the 17th day of November, 2012.

Order

Thottathil B.Radhakrishnan, J.

The news item published in the Mathrubhoomi daily - 17.11.2012 issue is seen. The matter is taken *suo motu*..

It is brought to our notice that a mishap has been reported in which a pilgrim proceeding to Sabarimala died drowning while bathing at a point which is called 'Mini Pamba' at Kuttippuram in Malappuram district. It is reported that lifeguards of the Tourism Department were deployed during the previous years. It is also reported that he could not be saved in spite of strenuous efforts. Under such circumstances, we direct the Government to immediately state the action that would be taken for round the clock

FROM :



vigilance through competent lifeguards in Mini Pamba and similar other points en route where pilgrims destined to Sabarimala are likely to converge as *Idathavalam* for utilizing the rivers.

Hand over.

Sd/-

Thottathil B. Radhakrishnan, Judge

Sd/-

Sha/

A.V. Ramakrishna pillai, Judge

(True Copy)

Assistant Registrar